## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

### സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ദേവസ്വങ്ങളിൽ വർക്കുകൾ അനുവദിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും, സാമ്പത്തിക സ്ഥിതിയും ആവശ്യകതയും പരിഗണിച്ചും, സന്തുലിത വികസനം ഉറപ്പാക്കുന്നതും സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 87/2012/Est.1 തിരുവനന്തപുരം, തീയതി 08/02/2016

---

പരാമർശം : 08/02/2016 ലെ ബോർഡു തീരുമാനം

ഹിന്ദുക്കളുടെ ക്ഷേത്രാരാധനയിലും, വിശ്വാസത്തിന്റെയും പിൻബലത്തിൽ നിലനിൽക്കുന്ന ഒരു സ്ഥാപനമാണ് ദേവസ്വം ബോർഡ്. ബോർഡിന്റെ കീഴിൽ 1250 ക്ഷേത്രങ്ങളുള്ളതിൽ 100 ഓളം ക്ഷേത്രങ്ങൾ മാത്രമാണ് സ്വയം പര്യാപ്തമായിട്ടുള്ളത്. ശബരിമലയിലെ വരുമാനം കൊണ്ടാണ് ദേവസ്വം ബോർഡിന്റെ പ്രവർത്തനം മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. ചെന്നൈയിൽ ഉണ്ടായ പ്രളയം ശബരിമലയിലെ കഴിഞ്ഞ സീസണിലെ (1191 ME മണ്ഡലം മകരവിളക്ക് കാലയളവിലെ) വരുമാനത്തിൽ കാര്യമായ കുറവു ഉണ്ടാക്കിയത് ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചു. ഇത് ബോർഡിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഇത്തരം സാഹചര്യം മുന്നിൽ കണ്ട് ചെലവുകളിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തി കരുതലോടെ മുന്നോട്ടു പോകാത്ത പക്ഷം ഗുരുതരമായ പ്രതിസന്ധിലേക്ക് ഡിപ്പാർട്ടുമെന്റ് ചെന്നെത്തുന്നതാണ്.

ഓരോ ദേവസ്വങ്ങളിലെയും സാഹചര്യം വ്യത്യസ്തവും ദേവസ്വങ്ങളിലെ ഭക്തരുടെ ആവശ്യം വിഭിന്നവുമാണ്. ഭക്തരുമായി ഇടപെടുന്ന/നേരിട്ടു ബന്ധമുള്ള ക്ഷേത്ര ചുമതലക്കാർക്കാണ് ക്ഷേത്രങ്ങളിലെ ആവശ്യകത പ്രധാനമായും അറിയാൻ സാധിക്കുക. ക്ഷേത്രങ്ങളിലെ സാഹചര്യം കണക്കിലെടുക്കാതെയും, ഭക്തരുടെ ആവശ്യം അറിയാതെയും, ഓരോ ക്ഷേത്രത്തിലെയും ആവശ്യകത പരിഗണിക്കാതെയും, ഫീസിബിലിറ്റി സ്റ്റഡി നടത്താതെയുമാണ് അധികം മരാമത്തു വർക്കുകളും ചെയ്തു വരുന്നത്. ഇപ്രകാരം ആവശ്യകത കണക്കിലെടുക്കാതെയും, വർഷത്തിൽ ഒന്നോ രണ്ടോ ദിവസത്തെ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതിനു വേണ്ടി മാത്രം ഭീമമായ തുക മുടക്കി കെട്ടിടങ്ങൾ പണിയുകയും, ഭാവിയിൽ ചെയ്യേണ്ട വികസനപ്രവർത്തനം കൂടി മുന്നിൽകണ്ട് പണികൾ ചെയ്യാതിരിക്കുകയും, കാലാകാലങ്ങളിലെ ക്ഷേത്ര ഉപദേശകസമിതികൾ അവരുടെ കാലയളവിൽ എന്തെങ്കിലും ചെയ്തു എന്നു വരുത്തി തീർക്കുവാൻ സ്വാധീനമുപയോഗിച്ച് അവരുടെ താല്പര്യത്തിനനുസരിച്ച് വർക്കുകൾ ചെയ്യിക്കുകയുമാണ് ഇപ്പോൾ ചെയ്തുവരുന്നത്. പ്രൊഡക്ടീവ് അല്ലാത്ത രീതിയിൽ ദേവസ്വം ഫണ്ട് വിനിയോഗിക്കുന്ന അവസ്ഥ ഇവിടെ നിലനിൽകുന്നു. ഇതുമൂലം ദേവസ്വങ്ങളിലെ പല കെട്ടിടങ്ങളും നോക്കുകുത്തികളായി ഡിപ്പാർട്ടുമെന്റിന് നാണക്കേട് ഉണ്ടാക്കുന്ന രീതിയിൽ നിലകൊള്ളുന്ന അവസ്ഥ ഉണ്ടായിട്ടുള്ളതാണ്.

ദേവസ്വം ഫണ്ടും, ദേവസ്വം ലാൻഡും പരിമിതമാകയാൽ ആയത് കരുതലോടെയും ദേവസ്വങ്ങളിലെ അനിവാര്യത കണക്കിലെടുത്തും റവന്യൂ ലഭിക്കത്തക്ക രീതിയിലും വിനിയോഗിക്കുന്ന അവസ്ഥയിലേക്ക് മാറേണ്ടത് അത്യന്താപേ

ക്ഷിതമാണെന്ന് കണ്ട് താഴെ പറയുന്ന തീരുമാനം കൈകൊണ്ട് ബോർഡുത്തരവാകുന്നു.

**ഉത്തരവ്**

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഓരോ ക്ഷേത്രത്തിലെയും നിലവിലെ സ്ഥലത്തിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് അടിസ്ഥാനപരമായി അവിടെ എന്തൊക്കെയാണ് വേണ്ടത്, നിലവിൽ എന്തൊക്കെ സൗകര്യങ്ങൾ ഉണ്ട്, കൂടുതലായി എന്തൊക്കെയാണ് ചെയ്യേണ്ടത്, മുൻഗണനാ ക്രമത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാം, ഭാവിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ അവിടെ നടത്താൻ കഴിയും എന്നതു സംബന്ധിച്ച് ഒരു പഠനം നടത്തി ഓരോ ക്ഷേത്രത്തിലേക്കും അവിടത്തെ സാഹചര്യം, പ്രത്യേകത, ആവശ്യകത, ഭാവി വികസനം എന്നിവ മുന്നിൽകണ്ട് വിശദമായ ചർച്ച നടത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിലേക്ക് യോഗ്യതയും പരിചയസമ്പന്നതയും ഉള്ളവർ പ്രാദേശികമായി ഉള്ള പക്ഷം അവരുടെ സേവനം കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.
2. ഓരോ ക്ഷേത്രത്തിലും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതാത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെയർമാനും, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് എഞ്ചിനിയർ, സബ് ഗ്രൂപ്പ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റി ആയിരിക്കണം. ക്ഷേത്ര ഉപദേശകസമിതി ഭാരവാഹികളെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച യോഗങ്ങളിൽ/ചർച്ചകളിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. ഓരോ കമ്മിറ്റിയുടെയും മേൽനോട്ടം ചീഫ് എഞ്ചിനിയർ (ജനറൽ)/ചീഫ് എഞ്ചിനിയർ എന്നിവർക്കായിരിക്കുന്നതാണ്.
4. ഓരോ ക്ഷേത്രത്തിലെയും മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ട വർക്കിന്റെ പ്രൊപ്പോസൽ ചീഫ് എഞ്ചിനിയർ (ജനറൽ)/ചീഫ് എഞ്ചിനിയർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സഹിതം ദേവസ്വം കമ്മീഷണർക്ക് സമർപ്പിച്ച് ദേവസ്വം കമ്മീഷണർ ആവശ്യകത പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ചെയ്യിക്കാവുന്ന വർക്കിന്റെ വിവരം ബോർഡിലേക്ക് ശുപാർശ ചെയ്യേണ്ടതാണ്.
5. സന്തുലിതമായ വികസനം ഉറപ്പാക്കുന്നതിന് ക്ഷേത്രങ്ങളുടെ ഗ്രേഡ് തിരിച്ചുള്ള എണ്ണവും പ്രാധാന്യവും കണക്കിലെടുത്ത് ഗ്രൂപ്പടിസ്ഥാനത്തിൽ വികസനത്തിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ദേവസ്വം കമ്മീഷണറെയും ദേവസ്വം അക്കൗണ്ട്സ് ഓഫീസറെയും ചുമതലപ്പെടുത്തുന്നു.
6. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രമേ മരാമത്ത് വർക്കുകൾ മേലിൽ ശുപാർശ ചെയ്യാനും, അനുവദിക്കുവാനും, ചെയ്യിക്കാനും പാടുള്ളൂ.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)

സെക്രട്ടറി

പകർപ്പ്

1. എല്ലാ വകുപ്പു മേധാവികൾക്കും
2. ഇ.ഡി.പി (വെബ് സൈറ്റ്)
3. സെക്ഷൻ ഫയർ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി